compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

PUBLISHED BY AUTHORITY

ചൊവ്വ, 2026 മാർച്ച് 31
**Tuesday, 31st March 2026**

1201 മീനം 17
**17th Meenam 1201**

1948 ചൈത്രം 10
**10th Chaithra 1948**

വാല്യം 15
**Vol. XV**

നമ്പർ / No. **13**

## Part III

## Industrial Tribunals

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

NOTICE

No. P2/23/2026. *17th March 2026.*

Whereas the Divisional Manager, The National Insurance Company Limited, Kollam have deposited with this Court a sum of ₹ 10,07,681 (Rupees Ten Lakhs Seven Thousand Six Hundred and Eighty One only) as compensation to be distributed to the dependents of the deceased Sri Ashok Kumar, who met with a fatal accident while he was working as a driver of the autorickshaw bearing Reg. No. KL 22/D/9195 on 23-5-2022 and The Assistant Labour Officer, Paravoor has reported that

Smt. Sudha, Kizhakkeveedu, Kurumandal, Paravoor P. O., Kollam—Wife.

is his dependent as defined under Section 2 (1) (d) of the Employee's Compensation Act, 1923 any others who claim to be the dependents of the deceased should within 15 days of the publication of this notice in the Kerala Gazette prefer their claim in writing before me and prove the same. If no such claims are received within the prescribed time the entire amount of Compensation will be disbursed to the person mentioned above. Claims preferred thereafter will not be considered.

23-5-2022-ാം തീയതി KL 22/D/9195-ാം നമ്പർ ഓട്ടോറിക്ഷ ഡ്രൈവർ ആയി ജോലി നോക്കി വരവെ അപകടമുണ്ടായി മരണമടഞ്ഞ ശ്രീ. അശോക് കുമാറി-ന്റെ ആശ്രിതയ്ക്ക് എംപ്ലോയീസ് കോമ്പൻസേഷൻ നൽകുന്നതിനായി ₹ 10,07,681 (പത്ത് ലക്ഷത്തി ഏഴായിരത്തി അറുന്നൂറ്റി എൺപത്തിയൊന്ന് രൂപ മാത്രം) ഈ ഓഫീസിൽ കെട്ടിവച്ചിരിക്കുന്നു. അന്വേഷണം നടത്തിയതിൽ ടിയാന്റെ ആശ്രിതയായി

ശ്രീമതി സുധ, എസ്., കിഴക്കേ വീട്, കുറുമണ്ടൽ, പരവൂർ പി.ഒ., കൊല്ലം—ഭാര്യ

മാത്രമേ ഉള്ളൂ എന്ന് പരവൂർ അസിസ്റ്റന്റ് ലേബർ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാന്റെ ആശ്രിതർ എന്ന് മേൽ വിവരിച്ച നിർവചനത്തിൽ ഉൾപ്പെടുന്നവരായി വേറെ ആരെങ്കിലും ഉണ്ടെങ്കിൽ ഈ നോട്ടീസ് കേരള ഗസറ്റിൽ രേഖപ്പെടുത്തുന്ന തീയതി മുതൽ 15 ദിവസത്തിനകം ഈ ഓഫീസിൽ രേഖാമൂലം ഹാജരായി തെളിയിക്കേണ്ടതും അവധി കഴിഞ്ഞുള്ള ഹർജികൾ പരിഗണിക്കപ്പെടുന്നതല്ലാത്തതുമാകുന്നു.

Office of the Industrial Tribunal &
Commissioner for Employees' Compensation, Kollam.

(Sd.)
*Employees' Compensation Commissioner.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നമ്പർ: സി – 39/2026 തിയതി 25/03/2026

## നോട്ടീസ്

കുഴുവോമണ്ണിൽ ഗ്രാനൈറ്റ് മെറ്റൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ ടിപ്പർ ലോറി ഡ്രൈവറായി ജോലി നോക്കി വരവെ 26/04/2016- ന് അപകടമരണം സംഭവിച്ച ശ്രീ. ബാലൻ ടി. കെ., ആലുംതറ ഹൗസ്, കുറുങ്ങഴ പി.ഒ., പുല്ലാട്, പത്തനംതിട്ട –യുടെ ആശ്രിതർക്ക് തൊഴിലാളി നഷ്ടപരിഹാരം നൽകുന്നതിനായി തൊഴിലാളികൾക്കുള്ള നഷ്ടപരിഹാര ആക്ടിലെ 2(1) ഡി വകുപ്പ് അനുസരിച്ച് നിർവചിച്ച പ്രകാരം ടിയാന്റെ ആശ്രിതരായി പത്തനംതിട്ട പുല്ലാട്, കുറുങ്ങഴ പി.ഒ., ആലുംതറ വീട്ടിൽ താമസം (1) ശ്രീമതി. പൊന്നമ്മ (ഭാര്യ) (2) ശ്രീമതി. സ്നേഹ കുഞ്ഞുമോൻ (മകൾ) (2) ശ്രീമതി. മാധവി (മാതാവ് Late) എന്നിവർ മാത്രമെ ഉള്ളൂവെന്ന് അസിസ്റ്റന്റ് ലേബർ ഓഫീസർ, തിരുവല്ല റിപ്പോർട്ട് ചെയ്തിരിക്കുന്നു. അപ്രകാരമുള്ള ആശ്രിതരാണെന്ന് അവകാശപ്പെടുന്ന മറ്റ് ആരെങ്കിലുമുണ്ടെങ്കിൽ അവർക്കുള്ള അവകാശം ഈ നോട്ടീസ് കേരള ഗവൺമെന്റ് ഗസറ്റിൽ പരസ്യപ്പെടുത്തി 15 ദിവസത്തിനകം എന്റെ മുൻപാകെ എഴുതി സമർപ്പിക്കേണ്ടതും ആയത് തെളിയിക്കേണ്ടതുമാണ്. നിർദ്ദിഷ്ട സമയത്തിനകം യാതൊരു അവകാശവാദവും ലഭിച്ചില്ലെങ്കിൽ നഷ്ടപരിഹാര തുക മുഴുവനും മേൽപ്പറഞ്ഞ വ്യക്തികൾക്ക് വിതരണം ചെയ്യുന്നതാണ്. അതിനുശേഷം സമർപ്പിക്കുന്ന അവകാശവാദങ്ങൾ പരിഗണിക്കുന്നതല്ല.

ആലപ്പുഴ

ഒപ്പ്
കമ്മീഷണർ ഫോർ എംപ്ലോയീസ് കോമ്പൻസേഷൻ
&
ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ
ആലപ്പുഴ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നമ്പർ: സി – 65/2026 തിയതി 25/03/2026

## നോട്ടീസ്

ആനിക്കാട് പഞ്ചായത്തിൽ ഇലക്ട്രിക്കൽ വയറിങ്ങ് ചെയ്യുന്നതിനിടയിൽ ഷോക്കേറ്റ് മരണം സംഭവിച്ച ശ്രീ. സുധീഷ് വി. എം., വലിയവീട്ടിൽ, വായ്പൂർ പി.ഒ., കോട്ടങ്ങൽ വില്ലേജ്, മല്ലപ്പള്ളി താലൂക്ക്, പത്തനംതിട്ട –യുടെ ആശ്രിതർക്ക് തൊഴിലാളി നഷ്ടപരിഹാരം നൽകുന്നതിനായി തൊഴിലാളികൾക്കുള്ള നഷ്ടപരിഹാര ആക്ടിലെ 2(1) ഡി വകുപ്പ് അനുസരിച്ച് നിർവചിച്ച പ്രകാരം ടിയാന്റെ ആശ്രിതരായി പത്തനംതിട്ട മല്ലപ്പള്ളി താലൂക്ക്, കോട്ടങ്ങൽ വില്ലേജ്, വായ്പൂർ പി.ഒ., വലിയവീട്ടിൽ താമസം ശ്രീമതി. മണിയമ്മ മോഹനൻ (മാതാവ്) മാത്രമെ ഉള്ളൂവെന്ന് അസിസ്റ്റന്റ് ലേബർ ഓഫീസർ, മല്ലപ്പള്ളി റിപ്പോർട്ട് ചെയ്തിരിക്കുന്നു. അപ്രകാരമുള്ള ആശ്രിതരാണെന്ന് അവകാശപ്പെടുന്ന മറ്റ് ആരെങ്കിലുമുണ്ടെങ്കിൽ അവർക്കുള്ള അവകാശം ഈ നോട്ടീസ് കേരള ഗവൺമെന്റ് ഗസറ്റിൽ പരസ്യപ്പെടുത്തി 15 ദിവസത്തിനകം എന്റെ മുൻപാകെ എഴുതി സമർപ്പിക്കേണ്ടതും ആയത് തെളിയിക്കേണ്ടതുമാണ്. നിർദ്ദിഷ്ട സമയത്തിനകം യാതൊരു അവകാശവാദവും ലഭിച്ചില്ലെങ്കിൽ നഷ്ടപരിഹാര തുക മുഴുവനും മേൽപ്പറഞ്ഞ വ്യക്തികൾക്ക് വിതരണം ചെയ്യുന്നതാണ്. അതിനുശേഷം സമർപ്പിക്കുന്ന അവകാശവാദങ്ങൾ പരിഗണിക്കുന്നതല്ല.

ആലപ്പുഴ

ഒപ്പ്
കമ്മീഷണർ ഫോർ എംപ്ലോയീസ് കോമ്പൻസേഷൻ
&
ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ
ആലപ്പുഴ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**നം. ബി 3714/25.** തിയ്യതി : **27.03.2026.**

# നോട്ടീസ്

ശ്രീ. ഗിരീഷ്. കെ.സി., S/O. ചെക്കൻ, കണ്ണിച്ചി വീട്, പുതിയറപ്പ, തമ്പാൻകടവ് പി. ഒ, തളിക്കുളം പി.ഒ, തൃശ്ശൂർ – 680569 എന്ന വ്യക്തി ജോലി ചെയ്യുന്നതിനിടയിൽ അപകടം സംഭവിച്ച് മരണപ്പെട്ടതിനാൽ ടിയാന്റെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനു വേണ്ടി **20,42,818/-** (ഇരുപത് ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി എണ്ണൂറ്റി പതിനെട്ട് രൂപ മാത്രം) ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ് ഈ കോടതിയിൽ കെട്ടിവെച്ചിരിക്കുന്നു. തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം നിയമത്തിലെ 2(1) (ഡി) വകുപ്പ് അനുസരിച്ചുള്ള നിർവ്വചന പ്രകാരം ഗിരീഷ്. കെ. സി – യുടെ ആശ്രിതരായി (1). ശ്രീമതി. സജിത. എം. കെ (ഭാര്യ), (2) വിസ്മയ കെ. ജി (മൈനർ മകൾ), (3) പരേതയായ ദ്രൌപതി. പി. എം., (അമ്മ) എന്നിവർ മാത്രമാണ് ഉള്ളതെന്ന് അസിസ്റ്റൻറ് ലേബർ ഓഫീസർ, ചാവക്കാട് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. പരേതനായ തൊഴിലാളിയുടെ ആശ്രിതരാണെന്ന് അവകാശപ്പെടുന്ന മറ്റാരെങ്കിലുമുണ്ടെങ്കിൽ അവർക്കുള്ള അവകാശം ഈ നോട്ടീസ് കേരള ഗവൺമെൻറ് ഗസറ്റിൽ പരസ്യപ്പെടുത്തി **15 ദിവസത്തിനകം** ഈ കോടതി മുമ്പാകെ എഴുതി സമർപ്പിക്കേണ്ടതും ആയത് തെളിയിക്കേണ്ടതുമാണ്. നിർദ്ദിഷ്ട സമയത്തിനകം യാതൊരു അവകാശവാദവും ലഭിച്ചില്ലെങ്കിൽ നഷ്ടപരിഹാര തുക മുഴുവനും മേൽ പറഞ്ഞ വ്യക്തികൾക്ക് വിതരണം ചെയ്യുന്നതാണ്. അതിനുശേഷം സമർപ്പിക്കുന്ന അവകാശവാദങ്ങൾ പരിഗണിക്കുന്നതല്ല.

ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ
കാര്യാലയം , അയ്യന്തോൾ - **680 003.**

(ഒപ്പ്)
എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ,
തൃശ്ശൂർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**നം. ബി 4244/25.** തിയ്യതി : **27.03.2026.**

# നോട്ടീസ്

ശ്രീ.. കെ. ആർ. സുമേഷ്., S/O. രാജൻ, കൈപ്പള്ളി വീട്, പോട്ട പി. ഒ, തൃശ്ശൂർ – 680722 എന്ന വ്യക്തി ജോലി ചെയ്യുന്നതിനിടയിൽ അപകടം സംഭവിച്ച് മരണപ്പെട്ടതിനാൽ ടിയാന്റെ ആശ്രിതർക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനു വേണ്ടി ടിയാന്റെ ഭാര്യ, രമ്യ സുമേഷ്., മക്കളായ ആദിത്യൻ സുമേഷ്, ആവനു സുമേഷ്, പിതാവ് രാജൻ, മാതാവ് ശോഭന എന്നിവർ ഈ ട്രൈബ്യൂണൽ മുമ്പാകെ **ECC 55/23** നമ്പറായി അപേക്ഷ ബോധിപ്പിച്ചിട്ടുള്ളതാണ്. തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം നിയമത്തിലെ 2(1) (ഡി) വകുപ്പ് അനുസരിച്ചുള്ള നിർവ്വചന പ്രകാരം ശ്രീ. സുമേഷിന്റെ ആശ്രിതരായി (1) ശ്രീമതി. രമ്യ സുമേഷ് (ഭാര്യ), (2) ആദിത്യൻ സുമേഷ് (മൈനർ മകൻ), (3) ആവനു സുമേഷ് (മൈനർ മകൻ) (4). ശ്രീ.. രാജൻ (പിതാവ്) (5) ശ്രീമതി. ശോഭന (മാതാവ്) എന്നിവർ മാത്രമാണ് ഉള്ളതെന്ന് അസിസ്റ്റൻറ് ലേബർ ഓഫീസർ, ചാലക്കുടി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. പരേതനായ തൊഴിലാളിയുടെ ആശ്രിതരാണെന്ന് അവകാശപ്പെടുന്ന മറ്റാരെങ്കിലുമുണ്ടെങ്കിൽ അവർക്കുള്ള അവകാശം ഈ നോട്ടീസ് കേരള ഗവൺമെൻറ് ഗസറ്റിൽ പരസ്യപ്പെടുത്തി **15 ദിവസത്തിനകം** ഈ കോടതി മുമ്പാകെ എഴുതി സമർപ്പിക്കേണ്ടതും ആയത് തെളിയിക്കേണ്ടതുമാണ്. നിർദ്ദിഷ്ട സമയത്തിനകം യാതൊരു അവകാശവാദവും ലഭിച്ചില്ലെങ്കിൽ നഷ്ടപരിഹാര തുക മുഴുവനും മേൽ പറഞ്ഞ വ്യക്തികൾക്ക് വിതരണം ചെയ്യുന്നതാണ്. അതിനുശേഷം സമർപ്പിക്കുന്ന അവകാശവാദങ്ങൾ പരിഗണിക്കുന്നതല്ല.

ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ
കാര്യാലയം , അയ്യന്തോൾ - **680 003.**

(ഒപ്പ്)
എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ,
തൃശ്ശൂർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## Notice

**No. C 499/25** **24/03/2026**

Whereas the Executive Engineer, Electrical Division, Kanhangad has deposited in this Court an amount of an amount ₹.15,64,850/- (Fifteen Lakhs Sixty Four Thousand Eight Hundred and Fifty only) towards compensation payable to the dependents of the deceased Sri. Jojo George who met with fatal accident in the course of work while he was working under Electrical section, Kanhangad on 05.12.2024. The Assistant Labour Officer, Kanhangad, Kasaragod has reported that below.

| Sl. No | Name | Relation of Deceased | Address |
|---|---|---|---|
| 1 | Smt. Lisamma | Mother | Kunnappalliyil House<br>Pankayam<br>West Eleri P.O<br>Kasaragod<br>Pin - 671314 |

She is his only dependent as defined under Section 2(1) (d) of the employees' compensation Act, 1923 any other claiming to be such dependents should within 15 days of the publication of this notice in the Kerala Government Gazette prefer their claims in writing before me and from the same. If no such claims are received within the prescribed time the entire amount of compensation will be disbursed to the person mentioned above and claim preferred thereafter will not to be considered.

(Sd/-)

Presiding Officer
Industrial Tribunal &
Employees' Compensation Commissioner,
Kozhikode.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## നോട്ടീസ്

സി 499/25 24.03.2026

05/12/2024-ാം തിയ്യതി കാഞ്ഞങ്ങാട് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് കീഴിൽ ജോലി ചെയ്യവെ ഉണ്ടായ അപകടത്തിൽ മരണപ്പെട്ട ശ്രീ.ജോജോ ജോർജ് എന്ന തൊഴിലാളിയുടെ ആശ്രിതർക്ക് തൊഴിലാളി നഷ്ടപരിഹാരം നൽകുന്നതിനായി ₹.15,64,850/- രൂപ (പതിനഞ്ച് ലക്ഷത്തി അറുപത്തി നാലായിരത്തി എണ്ണൂറ്റി അൻപത് രൂപ മാത്രം) ഈ കോടതിയിൽ കെട്ടിവെച്ചിട്ടുണ്ട്. തൊഴിലാളി നഷ്ട പരിഹാര ആക്ടിലെ 2(1) ഡി വകുപ്പ് അനുസരിച്ച് നിർവചിച്ച പ്രകാരം ടിയാൻറെ മരണ സമയത്തെ ആശ്രിതരായി ചുവടെ ചേർത്തിരിക്കുന്ന പട്ടികയിൽ ഉൾപെടുന്നവർ മാത്രമേ ഉള്ളൂ എന്ന് അസിസ്റ്റൻറ് ലേബർ ഓഫീസർ, കാഞ്ഞങ്ങാട്, കാസറഗോഡ് റിപ്പോർട്ട് ചെയ്തിരിക്കുന്നു.

### പട്ടിക

| ക്രമ നമ്പർ | പേര് | മരണമടഞ്ഞ തൊഴിലാളിയുമായുള്ള ബന്ധം | മേൽ വിലാസം |
|---|---|---|---|
| 1. | ശ്രീമതി. ലിസമ്മ | മാതാവ് | കുന്നപ്പള്ളിയിൽ ഹൗസ് പാങ്കയം വെസ്റ്റ് എളേരി പി.ഒ. കാസർഗോഡ് പിൻ 671314 |

അപ്രകാരമുള്ള ആശ്രിതരാണെന്ന് അവകാശപ്പെടുന്ന മറ്റ് ആരെങ്കിലും ഉണ്ടെങ്കിൽ അവർക്കുള്ള അവകാശം ഈ നോട്ടീസ് കേരള ഗവൺമെൻറ് ഗസറ്റിൽ പരസ്യപ്പെടുത്തി 15 ദിവസത്തിനകം എൻറെ മുമ്പാകെ എഴുതി സമർപ്പിക്കേണ്ടതും, ആയത് തെളിയിക്കേണ്ടതുമാണ്. നിർദ്ദിഷ്ട സമയത്തിനകം യാതൊരു അവകാശവാദവും ലഭിച്ചില്ലെങ്കിൽ നഷ്ടപരിഹാര തുക മുഴുവനും മേൽ പറഞ്ഞ വ്യക്തിക്ക് വിതരണം ചെയ്യുന്നതാണ്. അതിനുശേഷം സമർപ്പിക്കുന്ന അവകാശവാദങ്ങൾ പരിഗണിക്കുന്നതല്ല.

ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ &
എംപ്ലോയീസ് കോമ്പൻസേഷൻ
കമ്മീഷണറുടെ കാര്യാലയം,
കോഴിക്കോട്, തിയ്യതി : 24.03.2026

(ഒപ്പ്)

പ്രിസൈഡിംഗ് ഓഫീസർ
ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ & എംപ്ലോയീസ്
കോമ്പൻസേഷൻ കമ്മീഷണർ, കോഴിക്കോട്

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.03.31 04:33:53 +05:30